പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2352 27-10-2026-ൽ മറുപടിയ്ക്ക്

**അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (എ.എം.ഐ) സ്മാർട്ട് മീറ്റർ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. എസ്. ജോയി ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര സർക്കാർ ഊർജമേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് രാജ്യവ്യാപകമായി നടപ്പാക്കിവരുന്ന റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്)-ന്റെ ഭാഗമായി കേരളത്തിൽ ഇതുവരെ നടപ്പാക്കിയതും നിലവിൽ പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** റീ വാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) കെ.എസ്.ഇ.ബി.എൽ ടേൺ കീ വ്യവസ്ഥയിൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ പൂർത്തീകരണ തീയതി 31.03.2028 ആണ്.

പ്രസ്തുത സ്കീമിനു കീഴിൽ loss reduction പ്രവൃത്തികൾ 3 ഘട്ടങ്ങളായാണ് ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

i. 2023-24 കാലഘട്ടത്തിൽ ഒന്നാം ഘട്ടമായി 199.25 കോടി രൂപയുടെ ഉപപ്രസരണ പ്രവൃത്തികൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. നാളിതുവരെയുള്ള പുരോഗതി - 99%.

ii. രണ്ടാം ഘട്ടമായി (2024 ജൂൺ മുതൽ 2024 സെപ്റ്റംബർ വരെ) 635.50 കോടി രൂപയുടെ വിതരണ പ്രവൃത്തികൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. നാളിതുവരെയുള്ള പുരോഗതി - 95%

iii. മൂന്നാം ഘട്ടമായി (നവംബർ 2024 മുതൽ ഡിസംബർ 2024 വരെ) വിതരണ മേഖലയിൽ 1830.28 കോടി രൂപയുടെ 5 റീജിയണൽ പാക്കേജുകൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ സാധന സാമഗ്രികളുടെ സംഭരണം ആരംഭിച്ചു പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. നാളിതുവരെയുള്ള പുരോഗതി - 36%.

ആർ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖലയിൽ SCADA-DMS സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനായി ₹339.98 കോടി രൂപയുടെ കരാർ 27.10.2025-ന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വൈദ്യുതി വിതരണ മേഖലയിലെ ആധുനികവൽക്കരണവും പ്രവർത്തനക്ഷമത വർധിപ്പിക്കലും ലക്ഷ്യമിട്ട് ആർ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി / ഓപ്പറേഷണൽ ടെക്നോളജി (ഐ.ടി./ഒ.ടി.) പ്രവർത്തനങ്ങൾക്കായി 209 കോടി രൂപയുടെ പ്രവൃത്തികൾ ഒൻപത് പാക്കേജുകളിലായി കരാർ നൽകിയിട്ടുണ്ട്. ഉപഭോക്തൃസൗഹൃദ സോഫ്റ്റ്വെയറുകളുടെ വികസനം, ഡാറ്റാ സെന്റർ നവീകരണം, സൈബർ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തൽ, വിതരണ ശൃംഖലയിലെ ആസ്തികളുടെ ജി.ഐ.എസ് മാപ്പിംഗ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 115 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത സ്കീമിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ) നടപ്പാക്കിവരുന്ന എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; സർക്കാർ ഉപഭോക്താക്കൾ, എച്ച്.റ്റി ഉപഭോക്താക്കൾ, ഫീഡറുകൾ, വിതരണ ട്രാൻസ്ഫോർമറുകൾ എന്നിവയുള്ള മീറ്ററുകൾ ഉൾപ്പെടെ എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഏകദേശം 3 ലക്ഷം സ്മാർട്ട് മീറ്ററുകളിൽ ഇതുവരെ എത്രയെണ്ണമാണ് കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന കണക്ക് ഇനംതിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ വാങ്ങുന്നതിനാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ആദ്യ ഘട്ടത്തിൽ 2,91,960 സ്മാർട്ട് മീറ്ററുകളാണ് ടെണ്ടർ ചെയ്തത്. നാളിതുവരെ 2,15,734 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-

| ക്രമ നം. | വിഭാഗം | എണ്ണം (Qty) | നിലവിലെ സ്ഥിതി | പൂർത്തീ |
|---|---|---|---|---|
| 1 | ഫീഡർ മീറ്ററുകൾ | 3000 | 2914 എണ്ണം സ്ഥാപിച്ചു ബാക്കിയുള്ള 96 ഫീഡർ മീറ്ററുകൾ RTDAS പദ്ധതിയിൽ കമ്മീഷണിക്കേഷൻ ഉറപ്പാക്കിയിട്ടുണ്ട് | പൂർത്തീ |
| 2 | സർക്കാർ ഓഫീസുകൾ | | 1,74,452 എണ്ണം സ്ഥാപിച്ചു | പൂർത്തീ |
| 3 | ബൗണ്ടറി മീറ്ററുകൾ | 1200 | 306 മീറ്ററുകൾ സ്ഥാപിച്ചു | 2026 ഡ |
| 4 | ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ | 91760 | 31472 മീറ്ററുകൾ സ്ഥാപിച്ചു | 2026 ഡ |
| 5 | എച്ച്.ടി (HT) ഉപഭോക്താക്കൾ | 7630 | 6590 മീറ്ററുകൾ സ്ഥാപിച്ചു | 2026 ഡ |

**(സി)** എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയിലെ ഡാറ്റാ ആശയവിനിമയത്തിനായി റേഡിയോ ഫ്രീക്വൻസി (ആർ.എഫ്), സെല്ലുലാർ സാങ്കേതികവിദ്യകളാണോ അതോ ഇവ രണ്ടിന്റെയും സംയോജനമാണോ ഉപയോഗിക്കുന്നത്; ഓരോ വിഭാഗം മീറ്ററിനും ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഏതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സ്മാർട്ട് മീറ്റർ പദ്ധതിയിൽ ആശയ വിനിമയ സാങ്കേതിക വിദ്യ (റേഡിയോ ഫ്രീക്വൻസി (ആർ. എഫ്) അല്ലെങ്കിൽ (സെല്ലുലാർ) ഏത് തെരഞ്ഞെടുക്കാനും കരാറുകാരന് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒന്നാം ഘട്ടത്തിലെ എല്ലാ വിഭാഗം സ്മാർട്ട് മീറ്ററുകളും സെല്ലുലാർ സാങ്കേതികവിദ്യയാണ് ആശയവിനിമയത്തിന് ഉപയോഗിക്കുന്നത്.

**(ഡി)** എ.എം.ഐ സ്മാർട്ട് മീറ്ററുകളിൽനിന്നുള്ള ഡാറ്റാ ആശയവിനിമയത്തിലും കൈമാറ്റത്തിലും കെ.എസ്.ഇ.ബി.എൽ-ന്റെ പങ്കാളിത്തമുള്ള കെ-ഫോണിന്റെ പങ്ക് എന്താണ്; ഈ പദ്ധതിക്കായി കെ-ഫോണിന്റെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല, ഡാറ്റാ സെന്റർ അല്ലെങ്കിൽ മറ്റ് സേവനങ്ങൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി:** ഒന്നാം ഘട്ടത്തിൽ ആശയവിനിമയത്തിനായി കെ -ഫോൺ ശൃംഖലയോ അവരുടെ ഡാറ്റാ സെന്ററോ ഉപയോഗിച്ചിട്ടില്ല.

**(ഇ)** എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ട 50 ലക്ഷം മീറ്ററുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഒന്നാം ഘട്ടത്തിലെ പ്രവർത്തനഫലമേന്മ, സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, ഉപഭോക്തൃസേവനം എന്നിവ വിലയിരുത്തി തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതുവരെ രണ്ടാം ഘട്ട ഓർഡർ നടപടികൾ മരവിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ -ന് നിർദേശം നൽകുമോ; വിശദമാക്കാമോ?

**മറുപടി:** 50 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന രണ്ടാംഘട്ട പദ്ധതിയുടെ ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഒന്നാംഘട്ടത്തിൽ ഏകദേശം 2.91 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചത്. ഇതിൽ ലോ ടെൻഷൻ സർക്കാർ ഉപഭോക്താക്കളുടെ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനൊപ്പം ഫീഡർ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ, ബോർഡർ, എച്ച്.ടി. ഉപഭോക്തൃ മീറ്ററുകളും ഉൾപ്പെട്ടിരുന്നു. ലക്ഷ്യമിട്ട സമയപരിധിക്കുള്ളിൽ തന്നെ 1.74 ലക്ഷം സർക്കാർ ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററുകളാക്കി മാറ്റാൻ കഴിഞ്ഞു.

സ്മാർട്ട് മീറ്റർ പദ്ധതിയുടെ സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, പ്രവർത്തനഫലമേന്മ, ഉപഭോക്തൃ സേവനം എന്നിവ വിലയിരുത്തുന്നതിനും ബന്ധപ്പെട്ട കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി ഒരു പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ നോഡൽ ഏജൻസി ആയ PFC യും കേന്ദ്ര വൈദ്യുതി മന്ത്രാലയവും സമയാസമയം പദ്ധതി പുരോഗതി വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കാറുണ്ട്.

നിലവിലുള്ള സാഹചര്യങ്ങളെല്ലാം വിശദമായി പരിഗണിച്ചാണ് രണ്ടാംഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. രണ്ടാംഘട്ട പദ്ധതി മരവിപ്പിക്കേണ്ട സാഹചര്യമൊന്നും ഉള്ളതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**